# കേരള സർവകലാശാല

നം.പി.ആർ.176/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

2017 ഏപ്രിൽ മാസത്തിൽ നടത്തിയ മാസ്റ്റർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ (എം.പി.ഇ) ഡിഗ്രി പരീക്ഷാഫലം വെബ്സൈറ്റിൽ.

### ടൈംടേബിൾ

2018 ആഗസ്റ്റിൽ നടത്തുന്ന രണ്ടാം സെമസ്റ്റർ എം.സി.എ 2015 സ്കീം (റഗുലർ & സപ്ലിമെന്ററി) പരീക്ഷാ ടൈംടേബിൾ വെബ്സൈറ്റിൽ.

### സീറ്റ് ഒഴിവ്

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് നടത്തുന്ന (പി.ജി.ഡി.ഇ.സി) സായാഹ്ന കോഴ്സിൽ പട്ടികജാതി വിഭാഗത്തിൽ രണ്ടും പട്ടികവർഗ്ഗ വിഭാഗത്തിൽ ഒന്നും സീറ്റുകൾ ഒഴിവുണ്ട്. ഈ കോഴ്സിൽ പഠിക്കാൻ താല്പര്യമുള്ള മേൽ പറഞ്ഞ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ അവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളുമായി ആഗസ്റ്റ് 6 ന് 3 മണിക്ക് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിന്റെ ഓഫീസിൽ വരേണ്ടതാണ്.

യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിങ്ങിൽ ഒന്നാം വർഷ ബി.ടെക് കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേക്കുള്ള (ഇ.സി, സി.എസ്, ഐ.ടി ബ്രാഞ്ചുകൾ) സ്പോട്ട് അഡ്മിഷൻ ആഗസ്റ്റ് 6 രാവിലെ 10 മണി മുതൽ കോളേജിൽ വച്ച് നടത്തുന്നതാണ്.

### സെഷണൽ ഇംപ്രൂവ്മെന്റ്

ബി.ടെകിന് 2011 ൽ അഡ്മിഷൻ നേടിയ പരാജയപ്പെട്ട വിദ്യാർത്ഥികൾക്ക് സെഷണൽ മാർക്ക് മെച്ചപ്പെടുത്തുവാൻ (1,2,3,4 സെമസ്റ്ററുകൾ) അവസരം നൽകുന്നു. വിശദവിവരങ്ങളും അപേക്ഷാഫോമും വെബ്സൈറ്റിൽ.

### സ്പോർട്സ് ക്വാട്ട

പി.ജി അഡ്മിഷൻ സ്പോർട്സ് ക്വാട്ടയിലേക്ക് യൂണിവേഴ്സിറ്റി ഇന്റർകൊളീജിയറ്റ് മത്സരങ്ങളിൽ വിജയിച്ചവർക്കും അപേക്ഷിക്കാം. നേരത്തെ രജിസ്റ്റർ ചെയ്ത പ്രസ്തുത നേട്ടമുളളവർ തങ്ങളുടെ പ്രൊഫൈലിൽ പ്രസ്തുത വിവരം എഡിറ്റ് ചെയ്ത് ചേർത്ത് പുതിയ പ്രിന്റ് ഔട്ട് എടുത്ത് താല്പര്യമുള്ള കോളേജുകളിൽ അവസാന തീയതിക്ക് മുൻപ് നൽകേണ്ടതാണ്.

തിരുവനന്തപുരം.
03.08.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

| |
|---|
| **University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098** |